(ബി) ഇതുമായി ബന്ധപ്പെട്ട സർവ്വശ്രീ. ഖാദർ മുഹമ്മദ് കുഞ്ഞ്, ബാലൻ ശങ്കരൻ, പി. എൻ. ബാലകൃഷ്ണൻ എന്നിവർ എറണാകുളം ജില്ലാ ട്രഷറി, സബ്-ട്രഷറി ആഫീസർമാരെ എതിർകക്ഷികളാക്കി ഒരു പരാതി ചീഫ് സെക്രട്ടറിക്കും ധനകാര്യ സെക്രട്ടറിയ്ക്കും അയച്ചിട്ടുള്ളത് ലഭിച്ചിട്ടുണ്ട്. എന്നാൽ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുള്ളതായി ഇതുവരെ അറിയിപ്പൊന്നും കിട്ടിയിട്ടില്ല.

(സി) ഇങ്ങനെയൊരു കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടോയെന്ന് യാതൊരറിവും ഇല്ല. എന്നിരുന്നാലും കോടതിയിൽ നിന്ന് ഔദ്യോഗികമായി വിവരങ്ങൾ ഒന്നും ലഭ്യമായിട്ടില്ലാത്തതിനാൽ സത്യവാങ്മൂലം നൽകിയിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ കോടതി വിധിയൊന്നും ഉണ്ടായതായി അറിയില്ല.

(ഇ&എഫ്) അക്കൗണ്ടന്റ് ജനറലിൽ നിന്നും അന്തിമ കണക്കുകൾ ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പി മെഷീൻ ലഭ്യമാക്കുന്നതിന് നടപടി

27 (*87) ശ്രീ. സി. മൊയീൻകുട്ടി :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിനായി സർക്കാർ പണം കൈപ്പറ്റിയിട്ട് എത്ര വർഷമായി ;

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പി മെഷീനുകൾ നൽകുന്നതിനുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) പഞ്ചായത്തുകളിൽ നിന്നും പ്രസ്തുത ആവശ്യത്തിലേക്ക് സർക്കാർ സ്വരൂപിച്ച തുകയ്ക്ക് അർഹമായതും ബാങ്ക് നിരക്കിലുള്ളതുമായ പലിശ നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ ഇനത്തിൽ എത്രകോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട് ;

(ഇ) പണം സ്വീകരിച്ച പഞ്ചായത്തുകൾക്ക് എത്രയും വേഗം ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്നത്തേയ്ക്ക് മെഷീനുകൾ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 1998 ജൂൺമാസം മുതൽ 2000 ജനുവരി മാസം വരെ ഇതിനായി പണം പഞ്ചായത്ത് ഡയറക്ടർ കൈപ്പറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പർച്ചേസ് നടപടി ക്രമങ്ങൾ പാലിക്കേണ്ടതിനാലും ഹൈടെക് മെഷീനുകൾ ആയതിനാൽ മെഷീനുകളുടെ സാങ്കേതിക പരിശോധന നടത്തേണ്ടതിനാലും ഇതൊരു വലിയ പർച്ചേസ് ആയതിനാലുമാണ് കാലവിളമ്പമുണ്ടാകുന്നത്.

(സി) പഞ്ചായത്തുകളിൽ നിന്നും പ്രസ്തുത ആവശ്യത്തിന് സ്വരൂപിച്ച തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ടി. പി. അക്കൗണ്ടിൽ വെള്ളയമ്പലം സബ്ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയതിനാൽ പഞ്ചായത്തുകൾക്ക് പലിശ നൽകുവാൻ സാധിക്കുകയില്ല.

(ഡി) പലിശയിനത്തിൽ സർക്കാരിന് തുകയൊന്നും ലഭിച്ചിട്ടില്ല.

(ഇ) പഞ്ചായത്തുകൾക്ക് ഹോട്ടോസ്റ്റാറ്റ് മെഷീൻ കഴിയുംവേഗം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ വിലനിലവാരം

28 (*88) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി സർക്കാരിന് ബോധ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ കാർഷിക വിളകളുടെ കാര്യത്തിലും കഴിഞ്ഞ 5 വർഷമായി സംഭവിച്ച വിലത്തകർച്ചയും അതിന് സ്വീകരിച്ച പരിഹാര മാർഗ്ഗങ്ങളും എന്താണെന്ന് വിശദമാക്കാമോ ;

(സി) നിലവിൽ അന്താരാഷ്ട്ര വിപണിയിൽ ഏതൊക്കെ കാർഷിക ഉൽപ്പന്നങ്ങളുടെ വില ഉയർന്ന് നിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഉൽപ്പന്നങ്ങളുടെ വിലനിലവാരം അന്താരാഷ്ട്ര വിപണിയിൽ ഉയർന്നുനിന്നിട്ടും കയറ്റുമതി സാദ്ധ്യതകൾ പ്രയോജനപ്പെടുത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേന്ദ്രത്തിന്റെ കാർഷിക വിരുദ്ധ നയങ്ങളുടെ ഫലമായി ഉണ്ടായ വിലയിടിവും മറ്റും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly